ലഹരിമരുന്നുകൾക്കെതിരെ പോരാട്ടവുമായി റൂറൽ ജില്ലാ പോലീസ്. ഇതിന്റെ ഭാഗമായി ജില്ലാ പോലീസ് ആസ്ഥാനത്ത് ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടി നടത്തി. എസ്.പി വിവേക് കുമാർ ഉദ്ഘാടനം ചെയ്തു. ഡി.വൈ.എസ്.പി പി.പി.ഷംസ് അധ്യക്ഷത വഹിച്ചു. ഡി.വൈ.എസ്.പി എ.ജി.ലാൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കെ.എസ്.മുഹമ്മദ് ഹാരിസ് തുടങ്ങിയവർ പ്രസംഗിച്ചു. വിമുക്തി ജില്ലാ കോർഡിനേറ്റർ ബിബിൻ,നാശ് മുക്ത് ഭാരത് അഭിയാൻ ജില്ലാ കോഡിനേറ്റർ ഫ്രാൻസിസ് മൂത്തേടൻ തുടങ്ങിയവർ ക്ലാസ് നയിച്ചു. കേരള പോലീസിന്റെ യോദ്ധാവ് പദ്ധതിയുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. ബോധവൽക്കരണത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബുകൾ ആരംഭിക്കും. ഇതിന് മുന്നോടിയായി വിദഗ്ദ്ധരെയും, സംഘടനകളേയും, സ്ക്കൂൾ പി.ടി.എ കളേയും ഉൾപ്പെടുത്തി വിപുലമായ യോഗം വിളിക്കും. വീഡിയോ ചിത്രങ്ങൾ വഴി ബോധവൽക്കരണം നടത്തും. ലഹരി വിരുദ്ധ സന്ദേശ യാത്രകൾ, ക്ലാസുകൾ, സൈക്കിൾ - ബൈക്ക് റാലികൾ, ഫ്ലാഷ് മോബുകൾ, തെരുവ് നാടകങ്ങൾ എന്നിവയും റൂറൽ ജില്ലയിൽ നടത്തിവരുന്നു